A humble attempt to keep some spark to lighten this dark era.

# മിന്നൽ



LITTLE KITES S K H S MATTATHUR

# ആശംസ

പാഠ്യേതര വിഷയങ്ങളിലും സാങ്കേതികവിദ്യയിലും പരിജ്ഞാനം നേടേണ്ടത് വ്യക്തിത്വവികാസത്തിന് ആവശ്യമാണ്. ലിറ്റിൽ കൈറ്റ്സ് ന്റെ ഈ ഉദ്യമം അതിനു സഹായിക്കട്ടെ. എല്ലാവർക്കും ആശംസകൾ നേരുന്നു.

പി ടി എ പ്രസിഡന്റ്

ശ്രീ. ബിജു തെക്കൻ.

# സന്ദേശം

കോവിഡ് മഹാമാരിയുടെ കാലത്ത് കുട്ടികളിലെ സർഗവാസനകളെ സാങ്കേതികവിദ്യയുമായി കോർത്തിണക്കി വളർത്തിയെടുക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് വളരെയധികം മികവുപുലർത്തി. ലോകം മാറ്റത്തിന് പാതയിലാണ് പ്രത്യേകിച്ചും സാങ്കേതികവിദ്യയുടെ ലോകത്ത് ഇതിലേക്ക് മികച്ച സംഭാവനകൾ നൽകാൻ കുട്ടികളിലെ സാങ്കേതിക മികവിനെ പരിപോഷിപ്പിക്കാൻ തീർച്ചയായും ലിറ്റിൽ കൈറ്റ്സ്സ് സാധിക്കും.

വിദ്യാർഥികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കാനും അവരുടെ സാങ്കേതികമികവ് വളർത്താനും ലിറ്റിൽ കൈറ്റ്സ്നു എല്ലാവിധ ആശംസകളും നേരുന്നു.

*പ്രധാനാധ്യാപിക*

ശ്രീമതി. എം മഞ്ജുള.



*ഇത് വലിയൊരു കലാസൃഷ്ടിയാണ് എന്ന അവകാശവാദം ഉന്നയിക്കാൻ പറ്റില്ലെങ്കിലും, ഈ കോവിഡും ലോക്ഡൗണും ഓൺലൈൻ ക്ലാസും ഒക്കെയായി ഞങ്ങൾക്ക് നഷ്ടപ്പെട്ട ക്ലാസ്സ് റൂം അനുഭവങ്ങളെ തിരിച്ചു പിടിക്കുന്നതിനിടയിൽ എസ്എസ്എൽസി പരീക്ഷ ,ഐടി പ്രാക്ടിക്കൽ ,ലിറ്റിൽ കൈറ്റ്സ് അസൈൻമെന്റ് ഇതിനെല്ലാം കൂടെ ഞങ്ങളുടെ ഡിജിറ്റൽ മാഗസിനും. മുൻവിധികളില്ലാതെ സദയം സ്വീകരിച്ചാലും*

*ലിറ്റിൽ കൈറ്റ്സ് ബാച്ച്* 2019-2022

## ഉള്ളടക്ക പട്ടിക

ആശംസ..........2
സന്ദേശം..........3
എഡിറ്റോറിയൽ ബോർഡ്..........2
കൊറോണക്കാലം..........4
അതിബുദ്ധി ആപത്ത്..........5
കോവിഡ് കാല അനുഭവ കുറിപ്പ്..........7
മഹാമാരി..........8
സത്യത്തിന് സമ്മാനം..........9
അതിജീവനത്തിന്റെ കൊറോണക്കാലം..........10
വെളിച്ചം പോലെ എൻ മനസ്സിൽ..........11
കാത്തിരിപ്പ്..........12
പെയ്തൊഴിഞ്ഞ കാർമേഘം..........13
ഇരുളിന്റെ ഓർമ്മകൾ..........15
നമ്മുടെ നാട്..........17
ചിത്രങ്ങൾ..........18

# എഡിറ്റോറിയൽ ബോർഡ്

*മേൽനോട്ടം*

*പ്രധാനാധ്യാപിക ;**എം മഞ്ജുള***

*അധ്യാപകർ **:-** അജിത പി പി, സീമ, സനീഷ് കെ, അശ്വതി എൻ എസ്*

*വിദ്യാർത്ഥികൾ **:-***

*മുഹമ്മദ് അസ്ലം , കൃഷ്ണേന്ദു, റെബിൻ റോഷ് ,ഡെൽവിൻ , വിവേക്, നിധിനി, നവമി , അനാമിക , ദേവിക, നന്ദന , സുവർണ്ണ ലക്ഷ്മി, ആൻയെമ്മി , ശ്രീഹരി , മുഹമ്മദ് അഫ്സൽ , കാശ്മീര, ആര്യനന്ദ, അനുരാജ്, അനന്തകൃഷ്ണ, അർച്ചന, വിഷ്ണു, അൽഅഫ്സൽ, ദേവിക, അനഘ, ശ്രീരാഗ്, അനുശ്രീ, അറാഫത്ത്, അഭിനവ്, കാശിനാഥ്, സെറിൻ, എൽവിൻ, ഫ്രൻസൺ, ദിയേഷ്, സായൂജ്, അലൻ, അനന്തകൃഷ്ണ, ആസിഫ് അലി , ആഷ്‌ലിൻ, ശ്യാംകൃഷ്ണ, അശ്വിനി, ദിനൂപ്, അയന, ഗംഗ.*

സാങ്കേതിക സഹായം

ലിറ്റിൽ കൈറ്റ്സ് അധ്യാപകർ

ടൈപ്പിംഗ്

ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ

എഴുത്ത്

വിദ്യാരംഗം അംഗങ്ങൾ

ചിത്രങ്ങൾ

ഇന്റർനെറ്റ്

# കൊറോണക്കാലം

എല്ലാവരെയും വളരെയധികം പ്രയാസപ്പെടുത്തിയ കാലഘട്ടം ആയിരുന്നു കൊറോണ കാലം . എന്നെ സംബന്ധിച്ച് ലോക് ഡൗൺ എന്ന് കേട്ടപ്പോൾ ആദ്യമൊക്കെ വളരെ സന്തോഷം ആയിരുന്നു. വീട്ടിൽ ഇരിക്കാം സ്കൂളിൽ പോകണ്ട . എന്നാൽ കുറച്ച നാൾ കഴിഞ്ഞപ്പോഴാണ് എല്ലാം മാറി മറഞ്ഞത്. കുറേ പേരുടെ ജോലി നഷ്ടപ്പെട്ട പട്ടിണി അനുഭവിക്കേണ്ടി വന്നവരുണ്ട്. എന്റെ കുടുംബവും അങ്ങനെ കുറെ പ്രശ്നങ്ങൾ നേരിട്ടു .


ക്ളാസ്സിൽ പോകാൻ കഴിയാത്തതിൽ സങ്കടവും അനുഭവപ്പെട്ട തുടങ്ങി. കൂട്ടുകാരുമൊത് കളിക്കാനും സംസാരിക്കാനും പറ്റാതെ ഒരുപാട് സങ്കടം തോന്നി. എങ്ങനെയെങ്കിലും കൊറോണ ഒക്കെ മാറി പഴയത് പോലെ ആവാൻ പ്രാർത്ഥിച്ച തുടങ്ങി.

എല്ലാവരുടെയും പോലെ എല്ലവരുടെയും പോലെ കൊറോണകാലം എനിക്കും വളരെ അധികം ദുഃഖങ്ങൾ തന്ന ദിവസങ്ങൾ ആയിരുന്നു

*- ആഷ്‌ലിൻ ബേബി*



# അതിബുദ്ധി ആപത്ത്



ഒരു കച്ചവടക്കാരന് മടിയനായ ഒരു കഴുതയുണ്ടായിരുന്നു. പണിയെടുക്കുന്നതിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം എന്ന് ആയിരുന്നു എപ്പോഴും അതിന്റെ ചിന്ത.

ഒരിക്കൽ കച്ചവടക്കാരൻ ഒരു ചാക്ക് ഉപ്പ് കഴുത യുടെ ചുമലിൽ കയറ്റി. പോകുന്ന വഴിക്ക് ഒരു പുഴ കടക്കാനുണ്ട്.

പുഴ കടക്കുന്ന സമയത്ത് കഴുത കാൽവഴുതി വെള്ളത്തിൽ വീണു. എഴുന്നേൽക്കാൻ വയ്യാതെ കുറച്ചു സമയം വെള്ളത്തിൽ ഒഴുകിപ്പോയി. വെള്ളത്തിൽ നിന്ന് എഴുന്നേറ്റപ്പോൾ കഴുതയ്ക്ക് വലിയ സന്തോഷം. ഭാരം വളരെ കുറഞ്ഞിരിക്കുന്നു , കച്ചവടക്കാരന് ദുഃഖവും.

അടുത്ത ദിവസം പഞ്ചസാരയായിരുന്നു കഴുത യുടെ ചുമലിൽ. അന്നും പുഴ കടക്കുമ്പോൾ കഴുത വീണു. അന്ന് ശ്വാസം മുട്ടുന്നതുവരെ കഴുത വെള്ളത്തിൽ തന്നെ കിടന്നു. കച്ചവടക്കാരന് കുറേയ ധികം പഞ്ചസാര നഷ്ടപ്പെട്ടു. പക്ഷേ, അയാൾക്ക് കാര്യം മനസ്സിലായി. കഴുത മനഃപൂർവ്വമാണ് വെള്ളത്തിൽ വീണത്.

ഈ കഴുതയെ ഒരു പാഠം പഠിപ്പിക്കണം. കച്ചവടക്കാരൻ ഉറപ്പിച്ചു. പിറ്റേ ദിവസം കഴുതപ്പുറത്ത് ഏറ്റിയത് ഒരു കെട്ട്പഞ്ഞിയായിരുന്നു. കഴുതയല്ലേ, അത് അന്നും വെള്ളത്തിൽ വീണു.

തലേദിവസത്തെപ്പോലെ ശ്വാസംമുട്ടിയപ്പോൾ എഴുന്നേല്ക്കാൻ ശ്രമിച്ചു. പക്ഷേ, കഴിയുന്നില്ല, പഞ്ഞിക്കെട്ടിൽ വെള്ളം നിറഞ്ഞു കഴിഞ്ഞിരുന്നു. വല്ലാത്ത ഭാരം. അതു വെള്ളം കുടിക്കാൻ തുടങ്ങി. ശ്വാസം മുട്ടി ചത്തുപോകുമെന്നായപ്പോൾ കച്ചവടക്കാരൻ അതിനെ ഒരു വിധത്തിൽ വലിച്ചു കയറ്റി. സ്വന്തം കഴുതയല്ലേ!

അതിനുശേഷം ആ കഴുത തന്റെ യജമാനനെ പറ്റിക്കാൻ ശ്രമിച്ചിട്ടില്ല.

കുട്ടിക്കാലത്ത് നാമെല്ലാവരും കേട്ടിട്ടുള്ള ഒരു കഥയാണിത്

എങ്കിലും

നാം പലപ്പോഴും ഈ കഴുതയെപ്പോലെ പ്രവർത്തിക്കാറിലല്ലേ?

സ്കൂൾ തുറന്നു ഒന്നാമത്തെ ദിവസം പഠിച്ചു വന്നു ടീച്ചർ ചോദിച്ചില്ല . രണ്ടാമത്തെ ദിവസം ടീച്ചർ ചോദിച്ചില്ല..... നമ്മൾ എന്ത് ചെയ്യും? പയ്യെ പയ്യെ നമ്മൾ പഠിക്കാതെ സ്കൂളിലേക്ക് വരാൻ തുടങ്ങും. അവസാനം പരീക്ഷ വരുമ്പോഴായിരിക്കും അടി കിട്ടുന്നത്.

അതുകൊണ്ട് പഠനത്തിൽ ആയാലും ജീവിതത്തിലായാലും നമ്മുടെ ഉത്തരവാദിത്വം സന്തോഷത്തോടെ ചെയ്യാൻ ശ്രമിക്കാം. നാം എല്ലാവരും ബുദ്ധിമാന്മാരാണ്. അല്ലേ?

# കോവിഡ് കാല അനുഭവ കുറിപ്പ്

അക്കാലം വരെയുണ്ടായിരുന്ന വേനൽ കാലങ്ങളെക്കാൾ വളരെ വ്യത്യസ്തമായിരുന്നു 2020 ലെ ഞങ്ങളുടെ അവധികാലം.കൊറോണ വൈറസ് ലോകമാകെ പടർന്നു പിടിച്ചതിന്റെ ബുദ്ധിമുട്ടുകൾ ഞങ്ങൾ കുട്ടികളും അനുഭവിക്കുന്നുണ്ടായിരുന്നു.സ്കൂളിൽ പോകാൻ കഴിയാത്തതിന്റെയും കൂട്ടുകാരുടെ ഒപ്പം കളിയ്ക്കാൻ സാധിക്കാത്തതിന്റെയും വിഷമം ഞങ്ങൾക്കുണ്ടായിരുന്നു.അങ്ങനെയുള്ള സാഹചര്യത്തിൽ ഞങ്ങൾ കുട്ടികളുടെ മാനസിക സന്തോഷം വീണ്ടെടുക്കാൻ വേണ്ടിയാണ്

അച്ഛൻ കുറച്ചു വിജനമായ വഴിയില്കൂടി യാത്ര ചെയ്യാം എന്ന ആശയം മുന്നോട്ട് വച്ചത്. വല്യ താല്പര്യത്തോടെ അല്ലെങ്കിലും ഞാനും സമ്മതിച്ചു.അങ്ങനെ വൈകുന്നേരം ആയപ്പോൾ ഞ നടക്കാൻ ഇറങ്ങി. മാസ്ക് വച്ചിട്ടുണ്ടായിരുന്നു;അല്ലെങ്കിൽ പോലീസ് പിടിക്കും.അങ്ങനെ ഞങ്ങൾ ഒരു നെൽപാടത്തിന്റെ വാരാമ്പൽകൂടി നടക്കുമ്പോൾ ആ കാഴ്ച കണ്ടു. ഒരു കൊക്ക് കരണ്ട് നിന്നും ഷോക്ക് അടിച്ച കിടക്കുന്നു.അതിനു കുറച്ച ജീവൻ ഉണ്ടായിരുന്നു.ആ സമയത്താണ് എന്റെ മാമനെ ഞങ്ങൾ കണ്ടത്. മാമൻ ആ കൊക്കിനെ കൊന്നിട്ട് വീട്ടിലേക്ക് എടുത്തു കൊണ്ട് പോയി .എനിക്കാ കാഴ്ച കണ്ടപ്പോൾ വളരെ വിഷമമായി .അതിനു ശേഷം ഞങ്ങൾ ഇടയ്ക്കിടെ അങ്ങനെ നടക്കാൻ പോകുമായിരുന്നു.കേസ്സുള്ള സമയത് ഞാൻ പോകില്ല.അങ്ങനെ വിഷമവും സന്തോഷവും നിറഞ്ഞ ഒരു കോവിദഃ കാലമായിരുന്നു എന്റേത് .എല്ലാം സാധാരണ രീതിയിലേക്ക് എത്തണമെന്ന് ഞാൻ പ്രാർത്ഥിച്ചു.പിന്നെ കൊറോണ കുടുക മാത്രം ഉണ്ടായിരുന്നുള്ളൂ.അതുകൊണ്ട് തന്നെ കുറെ വിളക്കുകൾ ഉണ്ടായിരുന്നു പുറത്തിറങ്ങാൻ.എന്നാൽ ഇതെല്ലം ഒരു നാൾ ശെരിയാകുമെന്ന പ്രതീക്ഷ ഞാൻ കളഞ്ഞില്ല.


**SHYAM KRISHNA AS**

## മഹാമാരി


ഭൂമിയെ പിഴുതെടുക്കാൻ വന്നുവോ
ആഗോള  മഹാമാരിയുടെ പേരിൽ !
വീടിന്റെ തണലായ്  നിന്നവരെ
മരണത്തിലേക്ക് വലിച്ചെറിഞ്ഞിടുന്നു.
വെള്ളകുപ്പായമണിഞ്ഞ  മാലാഖമാർ
നാടിനു വേണ്ടി പൊരുതുകയാണിതാ ........
അവർക്ക് രാവില്ല പകലില്ല അന്നമില്ല
ജീവനു പോലും ഉറപ്പുമില്ല.
പൊട്ടിക്കരയുന്ന ഭരണാധികാരികൾ
നിസ്സഹായാവസ്ഥയിൽ നിന്നിടുന്നു.
ലോകമാകെ പകച്ചു നിൽക്കുമ്പോഴും
പുച്ഛിച്ചു ചിരിക്കുന്നു പകർച്ചവ്യാധി.
ഓരോ ജീവനും നിഴലായി മാറുന്നു.
കാക്കിയണിഞ്ഞ കാവൽഭടന്മാർ.
നെഞ്ചുറപ്പിൽ നിലകൊള്ളും ധീരത
മണ്ണിനും മനുഷ്യനും ത്യാഗമേകാൻ.
രോഗമേ; ഇനിയുള്ള ജീവനെ ബാക്കി വച്ചീടണേ
ജീവിത യാത്രക്ക് കരുതലായി.

-
*അശ്വനി.പി*

**8 F**




# സത്യത്തിന് സമ്മാനം



പണ്ടൊരിക്കൽ ഒരു മരംവെട്ടുകാരൻ നദിയുടെ തീരത്തു നിന്ന് മരംവെട്ടുകയായിരുന്നു. അയാളുടെ കൈയിൽ നിന്ന് കോടാലി വഴുതി നദിയിൽ വീണു. അയാൾ നദിയിൽച്ചാടി മുങ്ങിത്തപ്പിയെങ്കിലും കോടാലി കണ്ടെടുക്കാനായില്ല. എന്തു ചെയ്യും! ഒഴുകുന്ന നദിയിലേയ്ക്കു നോക്കി അയാൾ ദുഃഖിച്ചിരുന്നു.

അപ്പോൾ നദിയിൽ നിന്ന് ഒരു ദേവത ഉയർന്നുവന്നു. "മരംവെട്ടുകാരാ, നിന്നെ ഞാൻ സഹായിക്കാം, ദേവത പറഞ്ഞു. ദേവത വെള്ളത്തിൽ മുങ്ങി. ഉയർന്നുവന്നത് ഒരു സ്വർണക്കോടാലിയുമാണ്.



"ഇതല്ലേ നിന്റെ കോടാലി?," ദേവത ചോദിച്ചു. "അല്ല. ഇതെന്റെ കോടാലിയല്ല. ഇതെനിക്കു വേണ്ട അയാൾ പറഞ്ഞു. ദേവത വീണ്ടും നദിയിൽ മുങ്ങി. ഇത്തവണ ഒരു വെള്ളിക്കോടാലിയുമാണ് ഉയർന്നു വന്നത്.

"ഇതാ, ഇതു നിന്റെ കോടാലിതന്നെ. എടുത്തോളൂ. "ഇതും എന്റെ കോടാലിയല്ല, മരംവെട്ടുകാരൻ പറഞ്ഞു.

മൂന്നാമത് ദേവത വെള്ളത്തിൽ നിന്ന് ഇരുമ്പുകോടാലി തന്നെ എടുത്തുകൊണ്ടുവന്നു.

"ഇതാണെന്റെ കോടാലി, മരംവെട്ടുകാരൻ സന്തോഷത്തോടുകൂടി പറഞ്ഞു.

ദേവതയ്ക്കും സന്തോഷമായി. "ദാ ഈ മൂന്നു കോടാലികളും നിനക്കുള്ളതാണ്. രണ്ടെണ്ണം നിന്റെ സത്യസന്ധതയ്ക്കുള്ള സമ്മാനം. മൂന്നു കോടാലികളും അയാൾക്കു നൽകി അനുഗ്രഹിച്ച് ദേവത വെള്ളത്തിൽ മറഞ്ഞു.

നാളത്തെ പൗരന്മാരായ നാം ഓരോരുത്തരും ഈ മരംവെട്ടുകാരനെ പോലെയാകണം. ഭാവിയിൽ പല പ്രധാന തസ്തികകളിലും ഇരിക്കേണ്ട നമ്മളെ തേടി പല പ്രലോഭനങ്ങളും വരാം എപ്പോഴും സത്യത്തിന്റെ പാത പിന്തുടർന്ന് നാടിനും നാട്ടാർക്കും നല്ല മാതൃക കാട്ടി കൊടുക്കണം. എങ്കിലല്ലേ നമ്മൾ ഈ കഥയൊക്കെ കേട്ടതിനും പഠിച്ചതിനും ഗുണമുള്ളൂ.

# അതിജീവനത്തിന്റെ കൊറോണക്കാലം

2020 ചൈനയിലെ വുഹാനിൽ ആദ്യമായി ആകെ പടർന്നുപിടിച്ച കൊറോണ വൈറസ് ഇത്രയും അപകടകാരിയും പകരുന്നതുമാണെന്ന് ഒരിക്കലും ഇന്ത്യയിൽ എത്തുമെന്ന് പോലും ഞാൻ കരുതിയിരുന്നില്ല. ഇന്ത്യയിൽ തൃശ്ശൂരിൽ ആദ്യത്തെ കൊറോണ വൈറസ് സ്ഥിതീകരിച്ചു.

അപ്പോഴും ലോക്ഡൗൺ പൂട്ടിൽ അകപ്പെടും എന്നും ഓൺലൈൻ ക്ലാസ്സ് ഉണ്ടാകുമെന്നും കരുതിയിരുന്നില്ല. ജീവിതത്തിൽ ഇങ്ങനെ സംഭവിക്കും എന്നുപോലും ഞാൻ ഒരിക്കലും ചിന്തിച്ചിട്ടുണ്ടായി ല്ല.

മാർച്ച് 31 ലോക്ഡൗണിന്റെ ആദ്യ ദിനം. അന്ന് ഞായറാഴ്ച്ച ആണെന്ന് കരുതിപ്പോയി; അമ്മയും ചേച്ചിയും എല്ലാവരും തന്നെ വീട്ടിൽ ഉണ്ടായിരുന്നു. ടിവിയിൽ വാർത്ത കേൾക്കുകയും (ലോക്ഡൗണിനെ കുറിച്ച് ) വീട് വൃത്തിയാക്കുകയുമാണ് അന്ന് ചെയ്തിരുന്നത് . എല്ലാവരും വീട്ടിൽ ഉള്ളതിനാൽ ലോക്ഡൗൺ അത്ര വിരസമായി തോന്നിയില്ല.

കൂട്ടുകാരെ കാണാത്തതിലും കളിക്കാനും പഠിക്കാനും സാധിക്കാത്തതിലും ആയിരുന്നു എനിക്ക് വിഷമം ഉണ്ടായിരുന്നത് . എന്നാലും സ്കൂൾ തുറക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ സ്ക്കൂൾ തുറന്നില്ല.



ഓൺലൈൻ ക്ലാസ്സ് എന്ന വാക്ക് ആദ്യമായി വാർത്തയിലൂടെയാണ് ഞാൻ കേട്ടത് . മൊബൈലിലൂടെ ക്ലാസ്സ് എന്ന്പോലും എനിക്കറിയില്ലായിരുന്നു. ലോക്ഡൗണിന് മുമ്പ് മൊബൈൽഫോൺ ചേച്ചി ഇടയ്ക്കു മാത്രം തന്നിരുന്ന കളിപ്പാട്ടം പോലെയായിരുന്നു. ഓൺലൈൻ ക്ലാസ്സ് തുടങ്ങിയ ശേഷം ഫോൺ ഉപയോഗിക്കാതിരിക്കാൻ പറ്റാതായി.വാട്ട്സാപ്പിലൂടെയും യൂട്യൂബിലൂടെയും ടിവിയിലൂടെയും ക്ലാസ്സ് തുടങ്ങി. എട്ടാം ക്ലാസ്സിൽ ആയിരുന്നു ഓൺലൈൻ ക്ലാസ്സിന്റെ സമയത്ത് ഞാൻ. സ്കൂളിൽ ചേർന്നു എന്നല്ലാതെ സ്കൂളിൽ പോവുകയോ പഠിക്കുകയോ ചെയ്തിട്ടുണ്ടായിട്ടുണ്ടായില്ല. പല കൂട്ടുകാരെയും ഓൺലൈനിലൂടെയാണ് ഞാൻ പരിചയപ്പെട്ടത് .

കൊറോണ സമയത്ത് കേരളത്തിന്റെ സംസ്ഥാന ഫലമായ ചക്ക വളരെ ഉപകാരപ്രദമായിരുന്നു. എന്നും ചക്കകൊണ്ടുള്ള പലഹാരങ്ങളും കറികളും ഉണ്ടായിരുന്നു. ചില വിഭവങ്ങൾ ഉണ്ടാക്കാനും ഞാൻ പഠിച്ചു. വീട്ടിൽ പച്ചകറികളും ഫലചെടികളും നട്ടിരുന്നു. പച്ചകറി ചെടിളിൽ സന്തോഷവും അഭിമാനവും തോന്നി.വീടിനു പുറത്തുപോകാൻ സാധിക്കാത്തതിനാൽ വീഡിയോ കോളിലൂടെയും മറ്റും ആണ് കൂട്ടുകാരെയും ആളുകളെയും കണ്ടതും സംസാരിച്ചതും. ശാസ്ത്രരംഗത്തെ വളർച്ച എല്ലാവരെയും അത്ഭുതപ്പെടുത്തുകയും,നമുക്ക് ഏറ്റവും ഉപകാരപ്പെടുകയും ചെയ്തു.

**Dinoop Das R**

# വെളിച്ചം പോലെ എൻ മനസ്സിൽ

ഇരുട്ട് നിറയും വഴികളിലായി....
വെളിച്ചമുള്ളോരു വിളക്കുവേണം...
മിന്നാമിനുങ്ങിനെ പോലെ
വഴിതെറ്റിപ്പോകുന്ന എൻ മനസ്സിനെ
പിടിച്ചുകെട്ടാൻ.....
നീയെന്നെ ഒരു കെടാവിളക്കായ്
കൂടെ വേണം
നല്ലവനെ പോലെ സൂര്യനെപ്പോലെ
എന്നുമെൻ മനസ്സിലെ വെളിച്ചം
കാത്തുസൂക്ഷിക്കാൻ നീ വേണം....

*അയന ജയൻ*

## കാത്തിരിപ്പ്

ഇന്നെന്റെ ശൈയ്യയിൽ എത്തി നോക്കി പുഞ്ചിരി തൂകിയ
വെള്ളിനിലാവിനെ കാൺകവേ.
വിസ്മയിച്ചോർത്തുപോയി ആരിതെൻ കളിക്കൂട്ടുകാരനോ?....

ഇന്നാളിലില്ലാത്തൊരുഷ്ണമായ് ജ്വാലയായ് ഇമയിൽ
ചടുലമായ് പതിച്ചൂ കണ്ണുനീർ
പഴകിയ പുസ്തകത്താളിന്റെ സുഗന്ധം ഇമയിലൂടൊഴുകി
നുണഞ്ഞു പോയി ഞാൻ
മാമ്പൂമണക്കുന്ന മാഞ്ചോട്ടിലാടുവാൻ മണ്ണിനെ
മാറോട്ടു ചേർത്തീടുവാൻ
വിദ്യതൻ കൈവരിത്താളിൽ ഇന്നന്യോന്യം
അലിയുന്ന മധുരം പകർന്നീടുവാൻ
ഒന്നിച്ചൊരരുമയായ് അരുവിയായ് ഒഴുകുവാൻ
ഓളം വരച്ചു തിമിർത്തീടുവാൻ
മോഹം മരിച്ചൊരീ ലോകത്തിലിന്നു ഞാൻ
ഏകനായ് മോഹിച്ചിടുന്നു.

നഷ്ട ബാല്യത്തിന്റെ നീറുന്നോരോർമ്മകൾ
എന്തിനു തന്നിതെന്നോർത്തുപോകുന്നു ഞാൻ
ബാല്യത്തിലാശകൾ കനൽ ജലമായി പടവു
കയറിക്കുമാറുണ്ടായിരുന്നു ഇന്ന്
മഞ്ഞുമൂടിയ തോരാത്ത കണ്ണുകളിൽ എന്നേ
മറഞ്ഞുപോയി പുണ്യ മാരി....
അമ്മയ്ക്കൊരുമ്മ കൊടുക്കാൻ മറന്നുവോ?
ചിതൽ തിന്നോർമയിൽ വിളങ്ങുന്നു ബാല്യവും,
ചന്ദനം പൂശിയ കാമ കൗമാരവും.

ഒന്നു ചിന്തിക്കയാൽ മുമ്പേ പൊലിഞ്ഞവൻ
ഭാഗ്യവാൻ
ഞാൻ?
നീറുന്ന ഒരാത്മാവു മാത്രം
ഇച്ഛയില്ലാത്തൊരീ കാത്തിരിപ്പിന്നർത്ഥമെന്ത്?
അന്നു കടിച്ചൊരു തേന്മൂറും മാമ്പഴ കനിയുടെ
മധുരം നുകരുവാനല്ലേ...

# പെയ്തൊഴിഞ്ഞ കാർമേഘം



ഒരിടത്ത് ഒരു കുഞ്ഞു ഗ്രാമത്തിൽ ഒരു കുസൃതി കുട്ടിക്കയായ പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ പേര് സുമ എന്നാണ്. ആ ഗ്രാമത്തിൽ ഉള്ള എല്ലാവർക്കും അവളെ ഇഷ്ടമാണ്.

അവൾക്ക് വെള്ളം വളരെ പേടിയാണ്. അങ്ങനെയിരിക്കെ വർഷക്കാലം വന്നെത്തി. ഒരു താഴ്ന്ന ഗ്രാമമായിരുന്നു അതുകൊണ്ടുതന്നെ ഒരു ചെറിയ മഴ മതി വെള്ളക്കെട്ടുണ്ടാകാൻ. എന്തുകൊണ്ടോ ആ കൊല്ലം വെള്ളപ്പൊക്കമുണ്ടായി പക്ഷേ അത് പ്രതീക്ഷിച്ചതുപോലെ സാധാരണമായ ഒരു വെള്ളപ്പൊക്കം ആയിരുന്നില്ല. അതൊരു കൊടും ഭീകരനായ പ്രളയമായിരുന്നു.

സുമയ്ക്ക് അവളുടെ അച്ഛനും അമ്മയും പോലെ തന്നെ അവളുടെ വീടും ഏറെ പ്രിയപ്പെട്ടതാണ്. കൊടും ഭീകരനായ പ്രളയം അവന്റെ രോഷം ആ ഗ്രാമത്തിൽ മുഴുവനായി തീർത്തു. പക്ഷേ സുമയ്ക്ക് ഒന്നും മനസ്സിലാകുന്നുണ്ടായിരുന്നില്ല. അവൾ അവളുടെ അമ്മാവന്റെ വീട്ടിലായിരുന്നതുകൊണ്ട് സന്തോഷവതിയായിരുന്നു. പക്ഷേ അവൾ ഇടയ്ക്കിടെ അമ്മയോട് അവളുടെ വീടിനെ കുറിച്ച് അന്വേഷിക്കുന്നുണ്ടായിരുന്നു. ഒരാഴ്ച കഴിഞ്ഞപ്പോൾ അവളും കുടുംബവും വീട്ടിലേക്ക് മടങ്ങി. വീട്ടിലെത്താൻ ഏറെ സന്തോഷവതിയായിരുന്നു സുമ.

അവളുടെ ഗ്രാമം കണ്ട് കണ്ണീരിലായി, അവളുടെ കുഞ്ഞുമനസ്സിനെ ഏറെ സങ്കടത്തിലാക്കി. അവളുടെ മനസ്സ് ആകെ സങ്കടപ്പെട്ടു സ്വന്തം വീടിനു മുൻപിൽ എത്തി. മനസ്സിനു താങ്ങാനാവാത്ത കാഴ്ചയായിരുന്നു അത്. സ്വന്തം വീടിനെ കൊടും ഭീകരനായ പ്രളയം തകർത്തുകളഞ്ഞു. അത് അവളുടെ മനസ്സിനെ ഏറെ ബാധിച്ചിരുന്നു. ആ കൊടും ഭീകരനായ പ്രളയത്തെ ഏറെ ശപിച്ചു. പിന്നെ അവൾക്ക് എല്ലാ കൊല്ലവും ഏറെ ഭയമായിരുന്നു ആ പ്രളയത്തെ കുറിച്ച്.

നല്ലൊരു വീട് സർക്കാർ നൽകിയെങ്കിലും അവൾക്ക് ആ വീടിനേക്കാൾ പ്രിയം അവളുടെ മുൻപത്തെ കൊച്ചുവീട് ആയിരുന്നു. അവളുടെ അമ്മ ഇടയ്ക്കിടയ്ക്ക് പറയുമായിരുന്നു "കാർമേഘം പോലെ ഒരു കാലം നീങ്ങി പോയി" എന്ന്. അവരുടെ സന്തോഷം കുറഞ്ഞുവെങ്കിലും, പിന്നെ പതിയെ പതിയെ അവൾ എല്ലാംകൊണ്ടും പൊരുത്തപ്പെട്ടു. അവളുടെ അമ്മ പറഞ്ഞു കൊടുക്കുമായിരുന്നു – ഏതൊരു ദുഃഖവും ഒരുനാൾ മാഞ്ഞുപോകും അല്ലെങ്കിൽ കാലം അത് നമ്മളിൽ നിന്ന് അത് മായ്ച്ചു കളയും എന്ന്.

അപ്പോഴാണ് ക്ലാസ് ബെൽ മുഴങ്ങിയത് ടീച്ചർ കുട്ടികളോട് ചോദിച്ചു "കുട്ടികളെ നിങ്ങൾക്ക് ഈ കഥയിൽ നിന്ന് എന്താണ് മനസ്സിലായത്? "

അപ്പോൾ

നീനു എന്ന അഞ്ചാം ക്ലാസുകാരി പറഞ്ഞു ,

"ഏതൊരു കഷ്ടകാലവും നമ്മളിൽ നിന്ന് അകന്നു മാഞ്ഞുപോകും അല്ലെങ്കിൽ കാലം അതിൽ നിന്ന് നമ്മളെ പുതിയൊരു ലോകത്തിലേക്ക് മാറ്റി പാർപ്പിക്കും."

ടീച്ചർ ഒരു ചെറുപുഞ്ചിരിയോടെ അവളുടെ ദേഹത്ത് തഴുകി ക്ലാസിൽ നിന്ന് ഇറങ്ങി.

*ഗംഗ എസ് കുമാർ*

# ഇരുളിന്റെ ഓർമ്മകൾ

ഒരു സാധാരണ ദിവസം ഞാൻ ഉറക്കത്തിന് ക്ഷീണത്തെ പൊട്ടിച്ചെറിഞ്ഞ് ഉണർന്നു. സ്കൂളിൽ പോകുവാനുള്ള തത്രപ്പാട് തുടങ്ങി.ഞാൻ എണീറ്റതിനുമുൻപ് തന്നെ എന്റെ അച്ഛൻ ഉണർന്ന് ജോലിക്ക് പോയിരുന്നു.

ജോലി എന്നു പറഞ്ഞാൽ വലിയ ജോലി ഒന്നുമല്ല ഒരു ചെറിയ കട നടത്തിപ്പാണ് ജോലി. എന്നെയും അനിയനെയും സ്കൂളിൽ വിട്ടിട്ട് അമ്മയും അച്ഛനെ സഹായിക്കാൻ പോകും. ഞങ്ങൾ സ്കൂളിലെത്തി എന്നത്തെയും പോലെ തന്നെ അല്പം ബുദ്ധിമുട്ടിയാണെങ്കിലും ടീച്ചറുടെ ക്ലാസ്സ് കേട്ടിരുന്നു. ബുദ്ധിമുട്ട് വേറൊന്നുമല്ല മടി തന്നെ.

വൈകിട്ട് പതിവുപോലെ സ്കൂളിൽ നിന്ന് വരുന്നു. കുറച്ചുനേരം സഞ്ചരിച്ച് വീട്ടിലെത്തി.

അപ്പോൾ

അസാധാരണമായി തോന്നി. മുൻപിൽ ഏതാനും ആൾക്കാർ കൂടി നിൽക്കുന്നു. വണ്ടിയിൽ നിന്നും ഇറങ്ങിയ ഞങ്ങളെ അവർ സഹതാപത്തോടെ നോക്കി. അനിയന്റെ കയ്യിൽ ഞാൻ മുറുകെ പിടിച്ചു. വീടിനടുത്ത് എത്തിയപ്പോൾ ആരോ കരയുന്ന ശബ്ദം, അനിയന്റെ കയ്യിൽ പിടിച്ച് അകത്തേക്കു ഓടാൻ തുനിഞ്ഞു.

പക്ഷേ,

ഏതോ ഒരാൾ ഞങ്ങളെ തടഞ്ഞു എന്നിട്ട് പറഞ്ഞു മക്കളെ നിങ്ങൾ ഇപ്പോൾ അകത്തുകയറണ്ട. ഞാനും ഒന്നും മിണ്ടാതെ അവിടെ നിന്നു. കുറച്ച് കഴിഞ്ഞപ്പോൾ കരയുന്നത് അമ്മയാണോ എന്ന് ഒരു സംശയം തോന്നി.

എന്റെയും അനിയനെയും അടുത്തു നിന്നിരുന്ന ഒരു പ്രായം ചെന്ന ഒരു മനുഷ്യനോട് ഞാൻ ചോദിച്ചു ഇവിടെ എന്താ പറ്റിയത് എന്ന്. അയാൾ മറുപടി പറയാൻ തുടങ്ങിയപ്പോൾ മറ്റുള്ളവർ അയാളെ തടഞ്ഞു.

അമ്മ അച്ഛൻ വരുന്നതിന് മുൻപാണ് വരാറുള്ളത് വരുന്ന വഴിക്ക് അമ്മയ്ക്ക് എന്തെങ്കിലും സംഭവിച്ചോ എന്ന് ഞാൻ കരുതി. അനിയൻ എന്റെ കൈകൾ മുറുകെ പിടിച്ചിട്ടുണ്ടായിരുന്നു.

തെല്ലുനേരം കഴിഞ്ഞ് കുറച്ച് ആളുകൾ വീടിനകത്തേക്ക് കയറി പോയി. അവരുടെ പിന്നാലെ പോകാൻ തുടങ്ങിയപ്പോൾ അകത്തു ഉയർന്നുകൊണ്ടിരുന്നു കരച്ചിൽ ഉച്ചത്തിലായി. അപ്പോൾ ഞാൻ ഉറപ്പിച്ചു അത് അമ്മയാണ്.

അനിയൻ എന്റെ നേരെ നോക്കി പറഞ്ഞു,

"അമ്മ....!”

അകത്തുകയറിയ ആളുകൾ എന്തോ തോളിലേറ്റി വരുന്നത് കണ്ടു.. അമ്മയും പിന്നാലെ. അമ്മ ഞങ്ങളെ കണ്ടു ഓടി വന്നു കെട്ടിപ്പിടിച്ചു, എന്നിട്ട് പറഞ്ഞു " മക്കളെ അച്ഛൻ പോയി....." അതു കേട്ടതും എന്റെ നോട്ടം അവരുടെ മുകളിലേക്കായി. അപ്പോഴാണ് മനസ്സിലായത് അച്ഛൻ ഞങ്ങളെ വിട്ടു എന്നെന്നേക്കുമായി പോയി എന്ന്.

നെഞ്ചിൽ എന്തോ തോന്നി....

ചെറിയ വിഷമം തോന്നി എന്ന് തോന്നുന്നു. എനിക്കൊന്നും മനസ്സിലായില്ല. എല്ലാവരും അവരുടെ പിന്നാലെ പോയി ഒപ്പം ഞങ്ങളും. തോളിലിരുന്ന ആ വലിയ പെട്ടി ഒരു കുഴിയിലേക്ക് ഇറക്കുന്നു. ഞങ്ങളുടെ അടുത്ത് ബന്ധുക്കളൊക്കെ കരയുന്നു. കുറച്ചാളുകൾ ചേർന്ന് അച്ഛൻ കിടക്കുന്ന കുഴിയിലേക്ക് മണ്ണ് വെട്ടി ഇട്ട് മൂടുന്നു. അല്പം കഴിഞ്ഞപ്പോൾ ആളുകൾ ഓരോരുത്തരായി കുറയാൻ തുടങ്ങി.

സന്ധ്യയായി കാണും എല്ലാവരും പോയി. അല്പം മുൻപുവരെ തേനീച്ചക്കൂട് പോലെ ഇരുന്ന മുറ്റം ആളൊഴിഞ്ഞു നിശ്ശബ്ദ വനം പോലെയായിരിക്കുന്നു. അമ്മ ഞങ്ങളെ ചേർത്തു പിടിച്ചു പറഞ്ഞു അച്ഛൻ എല്ലാവരെയും കൂട്ടി നഗരത്തിലേക്ക് പോകാൻ വന്നതായിരുന്നു. പോരുന്ന വഴിക്ക് ഒരു അപകടം സംഭവിച്ചു എന്ന് പറഞ്ഞു ബാക്കി പറയുന്നതിന് മുൻപ് അമ്മയുടെ നെഞ്ചു വിതുമ്പാൻ തുടങ്ങി.

അപ്പോഴാണ് എനിക്ക് കരച്ചിൽ വന്നത് കാരണം നഗരത്തിൽ പോകാനുള്ള അവസരം നഷ്ടപ്പെട്ടത് കൊണ്ടാണോ, അതോ അച്ഛൻ മരിച്ചത് കൊണ്ടാണോ എന്ന് എനിക്കറിയില്ല.

# നമ്മുടെ നാട്

## മൂന്നുമുറി– ഒമ്പതുങ്ങൽ

മൂന്ന് പ്ലസ് മുറി മൂന്നുമുറി  മുറി എന്നതിന് റൂം എന്ന് മാത്രമല്ല ഒരു ഭാഗം ശംകര ഇന്നൊക്കെ അർത്ഥം വരുന്ന വിധത്തിൽ പ്രയോഗങ്ങളുണ്ട് അങ്ങിനെ ഇവിടെ തെക്കുമുറി വടക്കുമുറി കിഴക്കുമുറി എന്നിങ്ങനെ മൂന്നു മുറി എന്ന രീതിയിൽ പേരുവന്നത് ആകാൻ സാധ്യതയുണ്ട്.

ഒമ്പത് ഇല്ലങ്ങൾ ചേർന്നുണ്ടായതാണ് ഒമ്പതുങ്ങൽ ദേശം എന്നാണ് ഐതിഹ്യം.ഒമ്പതുങ്ങൽ എന്ന പദത്തിന് ഒമ്പത് ദേവീദേവന്മാർ സംഗമിക്കുന്ന ഇടം എന്നും അർത്ഥമുണ്ടാകാം.



# ചിത്രങ്ങൾ






പുതിയ മുഖം



ഈ സംരംഭത്തിൽ

ഞങ്ങളെ സഹായിച്ച

എല്ലാവർക്കും

നന്ദി.

*ലിറ്റിൽ കൈറ്റ്സ് ബാച്ച്* 2019-2022